ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.

(ഹാജർ : ശ്രീ. ജോമോൻ.കെ ജോർജ്ജ്, ബി.ടെക്)

**<u>ഉത്തരവ് നമ്പർ : ബി2/161/2021/സിഇ തീയതി : 05/11/2021</u>**

| | |
|---|---|
| വിഷയം :- | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു. |
| പരാമർശം :- | 25/03/2021 ലെ 1403-ാം നമ്പർ ഗസറ്റ് വിജ്ഞാപനം. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ് ക്വാട്ട) തസ്തികയിൽ വിരമിക്കൽ നിമിത്തം ഒരു ഒഴിവ് നിലവിലുണ്ട്. ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ-സർട്ടിഫിക്കറ്റ്) മാരുടെ സ്ഥാനക്കയറ്റത്തിനായുള്ള ഡി.പി.സി സെലക്ട് ലിസ്റ്റിൽ ഏറ്റവും സീനിയറായ ആളെ ബൈ-ട്രാൻസ്ഫർ നിയമനം വഴി സ്ഥാനക്കയറ്റം നൽകിയാണ് പ്രസ്തുത ഒഴിവ് നികത്തേണ്ടത്. 2021 വർഷത്തേയ്ക്കുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റ് ഒന്നാം പരാമർശ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ (സിവിൽ-സർട്ടിഫിക്കറ്റ്) എറ്റവും സീനിയറായ ശ്രീ.ആർ.വി.സജികുമാറിനാണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒന്നാം പരാമർശ പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിലെ മൂന്നാം സ്ഥാനക്കാരനായ വിഴിഞ്ഞം സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. ആർ.വി.സജികുമാറിനെ 55200-115300 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് കൊയിലാണ്ടി സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൻ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ. ആർ.വി.സജികുമാർ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

(മേലധികാരി മുഖേന)

പകർപ്പ്:-1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ വിഴിഞ്ഞം/കൊയിലാണ്ടി

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ തിരുവനന്തപുരം/കോഴിക്കോട്

3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണ മേഖല/ഉത്തരമേഖല

4. ചീഫ് എഞ്ചിനീയറുടെ പി.എ ക്ക്

5.ബി3,ബി4 സെക്ഷനുകൾക്ക്

6.ചീഫ് എഞ്ചിനീയറുടെ സി.എ ക്ക്

7. വെബ്-സൈറ്റിലേക്ക്

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

IT cell ②